# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4662 — 18/12/2014 ൽ മറുപടിക്ക്

## സ്കൂൾ കായികാദ്ധ്യാപക രംഗത്തെ പ്രശ്നങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. സാജു പോൾ | | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) | സ്കൂൾ കായികാദ്ധ്യാപക രംഗത്തെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ജില്ലാ സ്കൂൾ കായികമേള തടസ്സപ്പെട്ടതായി ശ്രദ്ധിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | ബി) | ഉണ്ട്. 2014-2015 വർഷത്തെ തസ്തിക നിർണ്ണയം മൂലം അധികമായി കണ്ടെത്തിയിട്ടുള്ള സർക്കാർ സ്കൂൾ അധ്യാപകരെ വിദ്യാഭ്യാസ അവകാശ നിയമത്തിൽ അനുശാസിക്കും പ്രകാരം എസ്.എസ്.എ. വഴി പാർട്ട് ടൈം ഇൻസ്ട്രക്ടർമാരായി നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നു. കേന്ദ്ര സർക്കാരിൽ നിന്നും ഇതിലേക്കായി അനുവദിച്ച തുക വിനിയോഗിച്ച് ടി അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നതിനും തികച്ചും താൽക്കാലിക അടിസ്ഥാനത്തിൽ അധികമായി കണ്ടെത്തിയ അധ്യാപകരെ പുനർവിന്യസിക്കുന്നതിനും ആണ് നടപടികൾ സ്വീകരിച്ചിരുന്നത്. എന്നാൽ ഇതിനെതിരെ കായികാദ്ധ്യാപകരുടേയും കായികാദ്ധ്യാപക വിദ്യാർത്ഥികളുടേയും പ്രതിഷേധം മൂലാണ് ജില്ലാ സ്കൂൾ കായികമേള തടസ്സപ്പെട്ടത്. |
| സി) | കായികാദ്ധ്യാപക യോഗ്യത ഉള്ളവരെ മാത്രം കായിക അദ്ധ്യാപകരായി നിലനിർത്താൻ നടപടി സ്വീകരിക്കുമോ; | സി) | യോഗ്യതയുള്ളവരെയാണ് കായികാദ്ധ്യാ പകരായി നിലനിർത്തുന്നത്. |
| ഡി) | തസ്തിക ഇല്ലാത്ത കായിക അദ്ധ്യാപകരെ മറ്റ് സ്കൂളിലേക്ക് ക്ലബ് ചെയ്ത് നിയമിക്കുന്ന പഴയ രീതി നിലനിർത്തുമോ; | ഡി) | എല്ലാ സ്കൂളുകളിലും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കുന്നതിനായി കായികാദ്ധ്യാപകരെ പൂളിംഗ് വ്യവസ്ഥയിൽ നിയമിക്കുന്നുണ്ട്. |
| ഇ) | എല്ലാ എയ്ഡഡ് - സർക്കാർ സ്കൂളുകളിലും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | ഇ) | 01/10/2011 ലെ ജി.ഒ(പി) നം. 199/2011/പൊ.വി. ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ പൂളിംഗ് നടത്തി, എല്ലാ സ്കൂളുകളിലും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ